ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 09.10.2024

## പ്രധാന വാർത്തകൾ

TIME : 12.50 PM

1. സംയോജിത ആരോഗ്യ ചികിത്സാരീതിക്ക് ആഗോളതലത്തിൽ പ്രിയമേറുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിലെ എട്ടാമത് സ്ഥാപകദിനം രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

   **President Droupadi Murmu said that integrative system of medicine is gaining popularity globally. The President inaugurated the 8th Foundation Day of All India Institute of Ayurveda in New Delhi.**

2. മഹാരാഷ്ട്രയിൽ 7600 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വീഡിയോ കോൺഫെറൻസിങ്ങിലൂടെ തുടക്കം കുറിക്കും.

   **Prime Minister Narendra Modi today will virtually lay the foundation stone of various development projects in Maharashtra worth over Rs 7600 crore through video conference.**

3. റിപ്പോ നിരക്കിൽ തുടർച്ചയായ പത്താം തവണയും മാറ്റമില്ല. 6.50 ശതമാനത്തിൽ തുടരുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

   **The Reserve Bank of India today decided to keep the policy repo rate unchanged at 6.50 per cent for the tenth time in a row.**

4. തൃശ്ശൂർപൂരം സംബന്ധിച്ച വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയത്തിൽ കേരള നിയമസഭയിൽ ചർച്ച ആരംഭിച്ചു.

   **In Kerala Legislative Assembly, the discussion on the adjournment motion brought by the opposition demanding a judicial inquiry into the Thrissur pooram issue is underway.**

5. മാതൃ ആരോഗ്യവും കുടുംബാസൂത്രണവും മെച്ചപ്പെടുത്തുന്നതിൽ ഇന്ത്യ കൈവരിച്ച പുരോഗതിയെ അഭിനന്ദിച്ച് യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട്.

**The United Nations Population Fund (UNFPA) has recognised India's extraordinary progress in advancing Maternal Health and Family Planning.**

6. ഐസിസി വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ഇന്ത്യ-ബംഗ്ലാദേശ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

**India will face Sri Lanka in the ICC Women's T-20 World Cup today. Meanwhile the second match of the India-Bangladesh Twenty-20 cricket series will be played today.**

&&&&&&&&&&&&&&&&

## HEADLINE – 1
## PREZ- AIIA

ആയുർവേദത്തിന് നമ്മുടെ ജീവിതത്തിൽ മഹത്വപൂർണമായ സ്ഥാനമാണുള്ളതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിലെ എട്ടാമത് സ്ഥാപകദിന ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ലോകത്തിലെ തന്നെ പ്രാചീന ചികിത്സാ രീതികളിൽ ഒന്നാണ് ആയുർവേദം. ശരീരം, മനസ്, ആത്മാവ് എന്നിവയുടെ സന്തുലനമാണ് ആയുർവേദ ചികിത്സയെന്നും സംയോജിത ആരോഗ്യ ചികിത്സാരീതിക്ക് ലോകത്ത് പ്രിയമേറുന്നതായും രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 2
## PM - MAHARASHTRA

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിൽ 7600 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് വീഡിയോ കോൺഫെറൻസിങ് വഴി തുടക്കം കുറിക്കും. നാഗ്പൂരിലെ ബാബാസാഹേബ് അംബേദ്കർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ഷിർദി വിമാനത്താവളത്തിലെ പുതിയ ഇന്റഗ്രേറ്റഡ് ടെർമിനൽ സമുച്ചയത്തിനും പ്രധാനമന്ത്രി തറക്കല്ലിടും. 10 സർക്കാർ മെഡിക്കൽ കോളേജുകളിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന അദ്ദേഹം മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽസും ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 3
## RBI REPO RATE (INTRO)

റിപ്പോ നിരക്ക് 6.50 ശതമാനത്തിൽതന്നെ തുടരുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. തുടർച്ചയായ പത്താം തവണയാണ് റിപ്പോ നിരക്ക് മാറ്റമില്ലാതെ തുടരുന്നത്. സ്റ്റാൻഡിങ് ഡെപോസിറ്റ് ഫെസിലിറ്റി 6.25 ശതമാനമായും മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റി 6.75 ശതമാനമായും ബാങ്ക് നിരക്ക് 6.75 ശതമാനമായും തുടരുമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി. ജിഡിപിയിലെ നിക്ഷേപ വിഹിതം 2012-13 ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിലയിലെത്തിയതായി റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു.

(ഹോൾഡ് വോയ്സ്)

എണ്ണ വില, ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ ഉൾപ്പടെയുള്ള ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങൾ, വളർച്ചാ

സാധ്യത തുടങ്ങിയവ കണക്കിലെടുത്താണ് നിരക്കുകളിൽ മാറ്റമില്ലാതെ തുടരാൻ തീരുമാനിച്ചത്.

&&&&&&&&&&&&&&&&

## KOKERNAG OPERATION

കശ്മീരിൽ കോക്കർനാഗിലെ കസ്‌വാൻ വനമേഖലയിൽ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു. രഹസ്യ വിവരത്തിൻ്റെ അടിസ്ഥാനത്തിൽ ഇന്നലെ സൈന്യവും പോലീസും മറ്റ് ഏജൻസികളും സംയുക്ത തീവ്രവാദ വിരുദ്ധ ഓപ്പറേഷൻ ആരംഭിച്ചിരുന്നു. ഇതിനിടെയാണ് വീരമൃത്യു വരിച്ച സൈനികനുൾപ്പെടെ രണ്ട് പേരെ കാണാതായതായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇന്ന് രാവിലെ നടത്തിയ തിരച്ചിലിൽ വെടിയേറ്റ നിലയിൽ സൈനികൻ്റെ മൃതദേഹം കണ്ടെത്തുകയായിരുന്നു. മറ്റൊരു സൈനികൻ സുരക്ഷിതനായി തിരിച്ചെത്തിയതായാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&

## PM – ASEAN

21-ാമത് ആസിയാൻ - ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലാവോസിലെത്തും. ഇന്ത്യ ആസിയാൻ ബന്ധത്തിലെ പുരോഗതി, ഭാവി സഹകരണം എന്നിവ ഉച്ചകോടി വിലയിരുത്തും. പ്രാദേശിക പ്രശ്നങ്ങൾ സംബന്ധിച്ചും അംഗരാജ്യങ്ങൾ ചർച്ചകൾ നടത്തും. ഇന്ത്യയുടെ കിഴക്കൻ നയത്തിലും സാഗർ കാഴ്ചപ്പാടുകളിലും ആസിയാൻ അംഗരാജ്യങ്ങൾക്ക് നിർണായക സ്ഥാനമാണ് ഉള്ളത്.

&&&&&&&&&&&&&&&&

## HEADLINE – 5
## UNFPA-MATERNAL HEALTH

മാതൃ ആരോഗ്യവും കുടുംബാസൂത്രണവും മെച്ചപ്പെടുത്തുന്നതിൽ ഇന്ത്യ അസാധാരണ പുരോഗതി കൈവരിച്ചതായി യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും വേണ്ടി ഇന്ത്യയുമായി സഹകരിച്ച് പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് UNFPA യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ നതാലിയ കാനെം പറഞ്ഞു. 2000-നും 2020-നും ഇടയിൽ മാതൃമരണ നിരക്ക് 70 ശതമാനമായി കുറയ്ക്കുന്നതിൽ ഇന്ത്യ നടത്തിയ ശ്രമങ്ങളെ അഭിനന്ദിച്ച കാനെം, ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവയ്ക്ക് ഫലകവും പ്രശസ്തിപത്രവും നൽകി ആദരിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 4
## ASSEMBLY

തൃശ്ശൂർപൂരം സംബന്ധിച്ച വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയത്തിൽ കേരള നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു. പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ ഉദ്ദേശങ്ങളും, പുകമറ സൃഷ്ടിക്കാനുള്ള ശ്രമങ്ങളും തുറന്നുകാട്ടുന്നതിനാണ് വിഷയം ചർച്ച ചെയ്യുന്നതെന്ന്, മന്ത്രി എം ബി രാജേഷ് പറഞ്ഞു. തുടർച്ചയായ രണ്ടാം ദിവസമാണ് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ചയ്ക്ക് എടുക്കുന്നത്.

&&&&&&&&&&&&&&&&

## ROSHI AGUSTINE - INTRO

ജലവിഭവ വകുപ്പിന് വരുമാനം ലഭ്യമാക്കുന്ന നവീന പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. വാട്ടർ മ്യൂസിയം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇതിൻറെ ഭാഗമായി സജ്ജമാക്കുന്നതായും പി.പി. ചിത്തരഞ്ജൻ എം.എൽ.എയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി നിയമസഭയിൽ പറഞ്ഞു. അതിഥി മന്ദിരങ്ങൾ പുതുക്കി പണിയുകയും പുതിയ മന്ദിരങ്ങൾ നിർമ്മിക്കുകയും ചെയ്യുമെന്ന് മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## RATION CARD

സംസ്ഥാനത്തെ മുൻഗണന റേഷൻ കാർഡുകളുടെ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഈ മാസം 25 വരെ ദീർഘിപ്പിച്ചതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. സമയപരിധി രണ്ട് മാസം കൂടി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് നൽകുമെന്നും മന്ത്രി നിയമസഭയിൽ വ്യക്തമാക്കി. ഇന്നലെ വരെയുള്ള കണക്കുകൾ പ്രകാരം മുൻഗണനാ വിഭാഗത്തിൽപ്പെട്ട 20 ശതമാനം പേർ കൂടി മസ്റ്ററിങ് പൂർത്തിയാക്കാൻ ബാക്കിയുണ്ട്.

&&&&&&&&&&&&&&&&

## O R KELU

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമി നൽകുന്നതിനായി ആരംഭിച്ച ലാൻഡ് ബാങ്ക് പദ്ധതി തുടർന്ന് വരികയാണെന്നും ഇത് വഴി നിരവധി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും മന്ത്രി ഒ.ആർ

കേളു. നിയമസഭയിലെ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

## TP MADHAVAN

ചലച്ചിത്ര താരം ടി പി മാധവൻ അന്തരിച്ചു. 88 വയസായിരുന്നു. കുടൽ സംബന്ധമായ രോഗത്തെ തുടർന്ന് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയായിരുന്നു അന്ത്യം. കഴിഞ്ഞ എട്ട് വർഷമായി പത്തനാപുരം ഗാന്ധിഭവൻ അന്തേവാസിയാണ് ടി പി മാധവൻ. അറുനൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. സംസ്കാരം നാളെ വൈകുന്നേരം തിരുവനന്തപുരം ശാന്തികവാടത്തിൽ നടക്കും. അദ്ദേഹത്തിന്റെ നിര്യാണത്തിൽ മന്ത്രി വി ശിവൻകുട്ടി അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE – 6 (a)
## INDIA-BANGLADESH T20

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ട്വൻറി-20 മത്സരം ഇന്ന്. ന്യൂഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്കാണ് മത്സരം. ഞായറാഴ്ച നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ 7 വിക്കറ്റിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&

**HEADLINE – 6**

## ICC WOMENS T-20 CRICKET

ഐസിസി വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് വൈകിട്ട് നടക്കുന്ന ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയും സ്കോട് ലാൻഡും ഏറ്റുമുട്ടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. രാത്രി 7:30 ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടും.

&&&&&&&&&&&&&&&&

## TENNIS

കസാക്കിസ്ഥാനിൽ നടക്കുന്ന ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പ് സെമിഫൈനലിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ജപ്പാനെ നേരിടും. ദക്ഷിണ കൊറിയയെ തോൽപ്പിച്ചാണ് ഇന്ത്യ സെമിഫൈനലിലേക്ക് മുന്നേറിയത്. ഇതോടെ ഇന്ത്യൻ ടീം ചാമ്പ്യൻഷിപ്പിലെ തങ്ങളുടെ ആദ്യ മെഡൽ ഉറപ്പിച്ചു.

&&&&&&&&&&&&&&&&

## IMD-WEATHER

വടക്കുകിഴക്കൻ, തെക്കൻ പെനിൻസുലാർ ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളം, മാഹി, ലക്ഷദ്വീപ്, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, രായലസീമ, തീരദേശ കർണാടക എന്നിവിടങ്ങളിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയുള്ളതായും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&

## THIRUVONAM BUMPER

ഇത്തവണത്തെ തിരുവോണം- ബമ്പർ ലോട്ടറി നറുക്കെടുപ്പ് ഇന്ന് ഉച്ചയ്ക്ക് 1.30 ന് നടക്കും. തിരുവനന്തപുരം ഗോർക്കി ഭവനിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ നറുക്കെടുക്കും. പൂജാ ബമ്പർ ടിക്കറ്റും ചടങ്ങിൽ പുറത്തിറക്കും.

&&&&&&&&&&&&&&&&

## GAZA HISBULLA

ഗസയിലെ തീവ്രവാദ ഗ്രൂപ്പായ ഹിസ്ബുള്ള ഇന്നലെ ഇസ്രായേൽ നഗരമായ ഹൈഫയിൽ റോക്കറ്റ് ആക്രമണം നടത്തിയതോടെ പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി. ഇസ്രയേലിനെതിരായ ആക്രമണം തുടരുമെന്ന ഹിസ്ബുള്ള നേതൃത്വത്തിന്റെ പ്രസ്താവനയോടെയാണ് ആക്രമണത്തിന് തുടക്കമായത്. അതിനിടെ, മേഖലയിൽ യുഎന്നിന്റെ പലസ്തീൻ അഭയാർഥി ഏജൻസി വഹിക്കുന്ന പങ്ക് നിർണായകമാണെന്ന് യു.എൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&